# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 264

10.03.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, കെ.വി.അബ്ദുൾ ഖാദർ<br>പ്രൊഫ.കെ.യു. അരുണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഏതു തരത്തിലുള്ള മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികമായും അക്കാദമികമായും കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി മുഖേന നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ |

നൈസർഗ്ഗികമായ അക്കാദമികേതര /പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(ബി) ഭൗതിക സാഹചര്യത്തോടൊപ്പം അക്കാദമിക തലത്തിൽ എന്തു മാറ്റമാണ് ലക്ഷ്യമിടുന്നത്; നവീകരണ നടപടികളിൽ അധ്യാപകരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ ശ്രദ്ധ പതിപ്പിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഭൗതികവും അക്കാദമികവുമായ മാറ്റങ്ങളിൽ പ്രധാന പങ്ക് അദ്ധ്യാപകർ വഹിക്കുന്നുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ on site supporting സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്തേതിൽ നിന്നും വ്യത്യസ്തമായി പാഠപുസ്തകങ്ങൾ യഥാസമയം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(സി) പാഠപുസ്തകങ്ങൾ യഥാസമയം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി വരുന്ന അക്കാദമിക വർഷം സ്കൂൾ തുറക്കുന്ന സമയത്തുതന്നെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ ലഭ്യമാക്കത്തക്ക രീതിയിൽ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ